പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 418 — 10.06.2014-ൽ മറുപടിയ്ക്ക്

## കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കേബിൾ ഓപ്പറേറ്റർമാർക്ക് കേബിൾ വലിക്കുന്നതിന് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ; | (എ) 18.10.2002 - ലെ BO (FB) No.1421/2002 (CP/R&P/Plg.V/Cable TV/2002) നമ്പർ ഉത്തരവ് പ്രകാരം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിൻെറ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇപ്പോൾ നിലനിൽക്കുന്ന പോസ്റ്റ് വാടക എത്രയെന്ന് വ്യക്തമാക്കുമോ ; ഇതിന് സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ ; ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൻെറ ഇൻസ്പെക്ഷൻ ഫീസ് ഈടാക്കുന്നുണ്ടോ ; ഇത് ഒരു പോസ്റ്റിന് എത്ര രൂപയെന്ന് വ്യക്തമാക്കുമോ ; ഇത് അഞ്ച് വർഷത്തിലൊരിക്കലാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) വൈദ്യുതി പോസ്റ്റ് വഴി കേബിൾ വലിക്കുന്നതിന് 01.04.2011 മുതൽ പുതിയതായി കരാറിലേർപ്പെടുന്നവർക്കും നിലവിലുള്ള കരാർ പുതുക്കുന്നവർക്കും നഗര പരിധിയിൽ/പ്രാന്ത പ്രദേശങ്ങളിൽ പോസ്റ്റൊന്നിന് ഒരു വർഷത്തേക്ക് 311/- രൂപയും ഗ്രാമപ്രദേശങ്ങളിൽ അതിൻെറ പകുതിയുമാണ് വാടകയായി 25.02.2012 — ലെ ബോർഡ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. വാടക നിരക്കിൽ പ്രതിവർഷം 5% വർദ്ധനവും നിശ്ചയിച്ചിട്ടുണ്ട്. സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ട്.<br>വാർഷിക ഇൻസ്പെക്ഷൻ ഫീസ് ബന്ധപ്പെട്ട കേബിൾ ടി.വി. ഓപ്പറേറ്റർമാർ വൈദ്യുതി പോസ്റ്റ് ഒന്നിന് 5 രൂപ നിരക്കിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്ന് അയക്കുന്ന ഡിമാൻഡ് നോട്ടീസിൻെറ അടിസ്ഥാനത്തിൽ ട്രഷറിയിൽ നേരിട്ട് അടയ്ക്കുകയാണ് ചെയ്യുന്നത്. ഇത് അഞ്ചു വർഷത്തിലൊരിക്കലാക്കുന്ന കാര്യം പരിഗണനയിലില്ല. |
| (സി) വൈദ്യുത പോസ്റ്റ് വാടക പുനർനിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഒരു വർഷത്തെ വാടക തവണകളായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ഇതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**